നമ്പർ : ICPS 2/ 0937/2020

സംയോജിത ശിശു സംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 21/04/2021

# സർക്കുലർ

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കോവിഡ്-19 വൈറസ് - ജെ.ജെ സ്ഥാപനങ്ങൾ - മാർഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :

സംസ്ഥാനത്ത് കോവിഡ്-19 വ്യാപിക്കുന്ന സാഹചര്യത്തിൽ ജെ.ജെ സ്ഥാപനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

- എല്ലാ ജെ.ജെ സ്ഥാപനങ്ങളിലും വിമൺ ആൻഡ് ചിൽഡ്രൻസ് ഹോമുകളിലും സംസ്ഥാന ആരോഗ്യവകുപ്പ് നിഷ്കർഷിക്കുന്ന രീതിയിലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
- സ്ഥാപനങ്ങളിൽ വെക്കേഷൻ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ കുട്ടികൾ മാസ്ക് ശരിയായ രീതിയിൽ ധരിക്കുന്നു, സാനിറ്റൈസർ കൃത്യമായി ഉപയോഗിക്കുന്നു എന്നിവ സ്ഥാപന സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ്. റിസോഴ്സ് പേഴ്സൺ എണ്ണം പരിമിതപ്പെടുത്തണം. ഫേസ് ഷീൽഡ്, ഗ്ലൗസ് എന്നിവ ഉപയോഗിക്കാൻ അവരെ പ്രേരിപ്പിക്കണം.
- സ്ഥാപനത്തിലെ ജീവനക്കാർ/കുട്ടികൾ സ്ഥാപനത്തിനു പുറത്ത് പോയി വരുമ്പോൾ കൈകാലുകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതാണ്.
- സ്ഥാപനത്തിൽ നിന്നും അത്യാവശ്യങ്ങൾക്കല്ലാതെ കുട്ടികളെ പുറമേ കൊണ്ടു പോകുന്നത് ഒഴിവാക്കേണ്ടതാണ്
- സ്ഥാപനങ്ങളിൽ സന്ദർശകരെ ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കുവാൻ കഴിയാത്തവർക്ക് ഹോമിനകത്തേക്ക് കയറാതെ പ്രത്യേകം മുറിയിലോ ഇടങ്ങളിലോ സജ്ജീകരിക്കേണ്ടതാണ്
- സ്ഥാപനത്തിലെ ജീവനക്കാർ പൊതു പരിപാടികളിൽ നിന്നും പരമാവധി വിട്ടു നിൽക്കേണ്ടതാണ്.
- സ്ഥാപനത്തിൽ പുറമേ നിന്നു എത്തുന്നവരുടെ ശരീരോഷ്മാവ് ഇൻഫ്രാറേഡ് ടെമ്പറൽ ഫോർഹെഡ് തെർമോമീറ്റർ ഉപയോഗിച്ച് നിർബന്ധമായും പരിശോധിക്കേണ്ടതാണ്

PTO

- ചൈൽഡ് വെൽഫയർ കമ്മിറ്റികളിലും, ജെ.ജെ സ്ഥാപനങ്ങളിലും പുറമേ നിന്ന് എത്തുന്ന വ്യക്തികളുടെ പേര്, സ്ഥലം, ഫോൺ നമ്പർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. ആയതിനു വേണ്ടി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- കോവിഡ് ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ സ്ഥാപനങ്ങളിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സാമൂഹിക അകലം പാലിച്ച് മാത്രം സ്ഥാപനത്തിലെ കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- കോവിഡ് കാലയളവിൽ കൗൺസിലർമാർ, സൈക്കോളജിസ്റ്റുമാർ തുടങ്ങിയവർ കോവിഡുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ കുട്ടികൾക്ക് നൽകേണ്ടതും, സാമൂഹ്യ അകലം പാലിച്ചു കൊണ്ട് കുട്ടികൾക്ക് വിവിധ ഗ്രൂപ്പ് തെറാപ്പികൾ സംഘടിപ്പിക്കേണ്ടതുമാണ്. ഡോക്ടർമാരെയും പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
- കോവിഡ് കാലയളവിൽ കൗൺസിലർമാർ നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെൻറ് ചെയ്യേണ്ടതും, ആവശ്യപ്പെടുന്ന മുറയ്ക്ക് ആയത് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്

വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

പകർപ്പ്:

1. എല്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും (അറിവിലേയ്ക്കായി)
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും(അറിവിലേയ്ക്കായി)
3. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നിർഭയ സെൽ
4. സ്റ്റോക്ക് ഫയൽ

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT